# ആമുഖം

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ ര്-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന എൽ.പി സ്കൂൾ ആണ് എ എൽ പി എസ് ഏറാത്തോട് സ്കൂൾ ആറാം വാർഡിലാണെങ്കിലും 4,6,8,9 എന്നീ വാർഡിലെ കുട്ടികൾ കൂടി ഈ സ്കൂളിൽ പഠിക്കുന്നുണ്ട്. 4-ാം വാർഡിലെ രണ്ട് അംഗനവാടികളിൽ നിന്നും 8-ാം വാർഡിലെ ഒരു അംഗനവാടിയിൽ നിന്നും വരുന്ന കുട്ടികൾ ഈ വിദ്യാലയത്തിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടുന്നുണ്ട്. പാണക്കാട്ടിൽ ഗോപാലൻ നായർ പട്ടരുകളം എന്നറിയപ്പെട്ടിരുന്ന ഒരു കളപ്പുരയിൽ 1919 ൽ ആരംഭിച്ചതാണ് ഈ വിദ്യാലയം എന്നു പറയുന്നു. കോന്തസ്വാമി, പാണക്കാട്ടിൽ ഗോപാലൻ നായർ എന്നിവർ തുടർന്നു നടത്തിയ വിദ്യാലയം പട്ടൻമാർ വിറ്റപ്പോൾ താപ്പുണ്ണി നായർ എന്ന വ്യക്തി ഏറ്റെടുത്തു. തുടർന്ന് അദ്ദേഹം തൊട്ടടുത്തുള്ള പറമ്പിലേക്ക് മാറ്റി സ്ഥാപിച്ചു ഓല ഷെഡ്ഡിലായിരുന്നു ക്ലാസ്സുകൾ നടത്തിയിരുന്നത്. ഒരിക്കൽ കാറ്റും മഴയും വന്ന് സ്കൂൾ നിലം പൊത്തി. ആ സാധന സാമഗ്രികൾ ഉപയോഗിച്ച് താപ്പുണ്ണി നായരുടെ സ്വന്തം സ്ഥലമായ ഇപ്പോൾ സ്കൂൾ നിൽക്കുന്ന പറമ്പിൽ ഇപ്പോഴത്തെ കെട്ടിടം നിർമ്മിച്ചു. ഇത് 1921 ൽ ആയിരുന്നു. ആദ്യം 1,2 ക്ലാസ്സുകളും പിന്നീട് മൂന്നാം ക്ലാസ്സും തുടങ്ങി 1925 ലാണ് 3,4 ക്ലാസ്സുകൾക്ക് അംഗീകാരം ലഭിക്കുന്നത്. അക്കാലത്ത് എല്ലാ മത വിഭാഗങ്ങളിലും പെട്ട കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. വളരെ കുറച്ച് കുട്ടികളെ അന്നുണ്ടായിരുന്നുള്ളൂ. സി. താപ്പുണ്ണി നായർ, കീഴേകളത്തിൽ ഗോപാലൻ നായർ, കുഞ്ഞപ്പ മാസ്റ്റർ എന്നിവർ ആദ്യകാല അദ്ധ്യാപകരാണ്.

1925 ൽ അംഗീകാരം കിട്ടിയതിന് ശേഷം തുടർന്ന് അഞ്ചാം ക്ലാസ്സും ആരംഭിച്ചു. 1961 ൽ അഞ്ചാം തരം എടുത്ത് മാറ്റിയപ്പോൾ ഇവിടെയും നാലാം ക്ലാസ്സുവരെയുള്ള ലോവർ പ്രൈമറി സ്കൂളായി താപ്പുണ്ണി നായർക്കു ശേഷം സി ഗോവിന്ദൻ നായരും തുടർന്ന് സി രാധയും മാനേജർമാരായി. ഇപ്പോഴത്തെ മാരനജർ ശ്രീ വി.പി ശിവമോഹൻ ആണ്. അതുപോലെ പി. ഗോപാലൻ നായർ, സി. താപ്പുണ്ണി നായർ, ആണ്ടി ചെട്ടിയാർ, എം.പി. മാധവൻ നായർ. വി.ഇ പാറുക്കുട്ടി. കെ.പി ജയലക്ഷമി എന്നിവർ ഹെഡ്മാസ്റ്റർമാരായി സേവനമനുഷ്ഠിച്ചു. ദാമോദരൻ പി.എം (എച്ച്.എം) റിട്ടയർ ചെയ്തതിനു ശേഷം പ്രധാനാധ്യാപിക പി.ടി ഫസീലത്ത് മറിയം ആണ്.

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസുവരെയുള്ള ക്ലാസ്സുകളിലായി 420 കുട്ടികൾ പഠിക്കുന്നു. പ്രൈമറിയിൽ 14 അദ്ധ്യാപകരും പ്രീ പ്രൈമറിയിൽ 4

ടീച്ചർമാരും ഇവിടെയുണ്ട്.

സബ് ജില്ല, ജില്ല സാമൂഹ്യ, ഗണിത ശാസ്ത്ര, പ്രവൃത്തി മേളകളിലും, കലാ-കായിക മേളകളിലും സ്ഥിരമായി പങ്കെടുത്ത് മികച്ച വിജയം കൈവരിച്ചു വരുന്നു. കഴിഞ്ഞവർഷം 24-25 ൽ സബ്ജില്ല കലാമേളയിൽ Overall First ഉം. അറബിക് കലാമേളയിൽ Overall നാലാം സ്ഥാനവും കരസ്ഥമാക്കി. എല്ലാ ദിവസവും പ്രഭാത അസംബ്ലി വിവിധ പരിപാടികളോടെ നടത്തി വരുന്നു.

ഈ വർഷം മുതൽ "ഒരു ദിനം ഒരറിവ്" എന്ന ഒരു പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ബുള്ളറ്റിൻ ബോർഡിൽ ദിവസവും ഒരു ചോദ്യവും ഉത്തരവും നൽകുന്നു. മാസവസാനം ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും ഈ ചോദ്യങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു. വർഷാവസാനം 10 മാസത്തെ ചോദ്യങ്ങൾ ഉൾപ്പെടുത്തി മെഗാക്വിസ് നടത്തി വിജയിയെ കണ്ടെത്തി വാർഷികത്തിൽ ആദരിക്കുന്നു.

കുട്ടികൾക്കും രക്ഷിതാക്കൾക്കും സ്കൂൾ ലൈബ്രറി ആവശ്യാനുസരണം പ്രയോജനപ്പെടുത്താനും ആസ്വാദനക്കുറിപ്പ് തയ്യാറാക്കാനും ഉള്ള അവസരം നൽകുന്നു എല്ലാവർഷവും വാർഷികാ ഘോഷത്തിനോടനുബന്ധിച്ച് രക്ഷിതാക്കൾക്കായി ക്വിസ് മത്സരം, ചിത്രരചനാ മത്സരം എന്നിവ നടത്തുകയും വാർഷികാഘോഷ വേദിയിൽ വച്ച് വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു. 2023-24 വർഷം രക്ഷിതാക്കൾക്കായി കൂടുതൽ മത്സരങ്ങൾ സംഘടിപ്പിച്ചു. (മാപ്പിളപ്പാട്ട്, പ്രസംഗം, ലളിതഗാനം, കഥാരചന, കവിത രചന)

അർദ്ധവാർഷിക മൂല്യ നിർണ്ണയത്തിൽ എല്ലാ വിഷയങ്ങൾക്കും ക്ലാസ്സ് തലത്തിൽ ഒന്ന് രണ്ട് മൂന്ന് സ്ഥാനം നേടിയ വിദ്യാർത്ഥികൾക്ക് വാർഷികാഘോഷ വേദിയിൽ വെച്ച് സമ്മാനം നൽകുന്നു.

| | | |
|---|---|---|
| 1 Name of School | : | ALPS Eranthode |
| 2. Name of Village | : | Valamboor/VI |
| 3. Name of Cluster | : | Poopalam, Valamboor |
| Name of Panchayath | : | Angadippuram |
| 5. Name of block | : | Perinthalmanna |
| 6. Name of District | ; | Malappuram |
| 7. Name of HM | : | Faseelath Mariyam |
| | | Mob: 9946714863 |

വിദ്യാലയങ്ങളിലെ ഐടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി വേണ്ടത് |
|---|---|---|
| കമ്പ്യൂട്ടർ - ഡസ്ക്ടോപ്പ് | 1 | 20 |
| ലാപ്ടോപ്പ് | 5+1 | 15 |
| പ്രൊജക്ടർ - എൽ സി ഡി | 2 | 6 |
| റേഡിയോ | - - | 8 |
| ടി വി | 2 | 6 |
| വിക്ടർ ചാനലിന്റെ ലഭ്യത | 2 | 6 |
| ഡിവിഡി പ്ലേയർ | - - | 8 |
| ഇന്റർനെറ്റ് കണക്ഷൻ | - - | - - |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | - - | - - |
| ബ്ലോഗ് | - - | - - |
| ഇ-മെയിൽ ഐ.ഡി | ഉണ്ട് | - - |
| സ്മാർട്ട് ക്ലാസ് റൂം | ഉണ്ട് | - - |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | - - | 1 |

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ - നിലവിലുള്ള അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ കഴിഞ്ഞാകാല പ്രവർത്തനങ്ങളുടെ വിലയിരുത്തലുമാണ് ഇവിടെ നടക്കേണ്ടത് |
|---|---|
| സബ്ജക്ട് കൗൺസിൽ | - |
| എസ്.ആർ .ജി | ഉണ്ട് |
| പി.ടി.എ | ഉണ്ട് |
| എം . പി.ടി.എ | ഉണ്ട് |
| എസ്.എം.സി | - |
| എസ്.എസ് ജി | ഉണ്ട് |
| സ്കൂൾ വികസന സമിതി | ഉണ്ട് |
| ജാഗ്രതാ സമിതി | ഉണ്ട് |
| <u>ക്ലബ്ബ് പ്രവർത്തനങ്ങൾ</u><br>ഇംഗ്ലീഷ് ക്ലബ്<br>ഗണിത ക്ലബ്ബ്<br>ശാസ്ത്ര ക്ലബ്<br>സാമൂഹിക ശാസ്ത്ര ക്ലബ്ബ്<br>വിദ്യാരംഗം | എല്ലാവിധ ക്ലബ്ബ് പ്രവർത്തനങ്ങളും ആവശ്യാനുസൃതം നടത്തുന്നു |
| **ലൈബ്രറി** | ധാരാളം പുസ്തകങ്ങൾ ഉണ്ട് |
| ലാബ് പ്രവർത്തനങ്ങൾ<br>കമ്പ്യൂട്ടർ ലാബ്<br>സയൻസ് ലാബ്<br>സാമൂഹിക ശാസ്ത്ര ലാബ്<br>ഗണിത ലാബ്<br>ലാഗേജ് ലാബ് | 6 ലാപ്ടോപ് ഉണ്ട്<br>2 പ്രോജെക്ടർ ഉണ്ട്<br><br><br><br>സയൻസ് ഉപകരണങ്ങൾ ഉണ്ട് |
| മറ്റുള്ളവ | |

**അദ്ധ്യാപകർ നിലവിലുള്ള അവസ്ഥ:**

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താൽകാലിക നിയമനങ്ങൾ | ന. വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| എൽ.പി വിഭാഗം | 14 | 11 | 3 | 9 |

രണ്ട് വർഷം അധ്യാപകർക്ക് ലഭിച്ച പരിശീലനങ്ങൾ ക്ലാസ്സ് മുറികളിൽ നന്നായി പ്രയോഗിച്ചു പ്രി പ്രൈമറിയിലെ 4 അദ്ധ്യാപകരും പ്രൈമറിയിലെ 10 അദ്ധ്യാപകരും സ്കൂളിന്റെ ഉന്നമനത്തിനായി ഒന്നിച്ച് ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്നവരാണ്.

**<u>അവസ്ഥാ വിശകലനം</u>**

പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ്സു വരെയാണ് പ്രവർത്തിക്കുന്നത്. ഈ വർഷം പ്രീപ്രൈമറിയിൽ 136 കുട്ടികളും, പ്രൈമറിയിൽ 284 കുട്ടികളും അടക്കം 420 കുട്ടികളാണ് ഉള്ളത്. ഇതിൽ 10% ത്തോളം പട്ടികജാതി വിദ്യാർത്ഥികളാണ് CWSN വിദ്യാർത്ഥികൾ 4 എണ്ണമാണുള്ളത്.

ഒരു ക്ലാസ്സിൽ നിന്നും കുട്ടികൾ കൊഴിഞ്ഞുപോകുകയോ പഠിത്തം നിറുത്തുകയോ ഉണ്ടായിട്ടില്ല.

## അക്കാദമിക കാഴ്ചപ്പാട്

അവസ്ഥാവിശകലനത്തിലൂടെ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മലയാള വിഷയത്തിന് "അക്ഷരജ്യോതി" ഗണിതത്തിന് "ഗണിത വിസ്മയം"ശാസ്ത്രത്തിന് "ശാസ്ത്ര കൗതുകം" ഇംഗ്ലീഷിന് "**Sweet English**" എന്നീ പദ്ധതികൾ 2018-2021 വരെ നടത്താൻ തീരുമാനമായി. അതേസമയം വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്ന "മലയാളത്തിളക്കം" ശ്രദ്ധ പദ്ധതിയും സ്കൂളിന്റെ തനതു പ്രവർത്തനമായി നടത്തുന്ന വായനാ വസന്തം പദ്ധതിയും തുടരുന്നതാണ്.

## അക്കാദമിക പദ്ധതികൾ

1. മലയാള ഭാഷാപോഷിണി പദ്ധതി - അക്ഷര ജ്യോതി
   - മലയാളത്തിളക്കം
   - വിജയസ്പർശം
   - വായനാക്കൂട്ടം
   - സചിത്രപുസ്തകം
   - എഴുത്തുകൂട്ടം
   - സചിത്രഡയറി /സംയുക്ത ഡയറി

2. ഇംഗ്ലീഷ് ഭാഷാ പോഷണ പദ്ധതി - Sweet English
   - Inclusive reading and writing
   - Spoken English
   - Creative learning atmosphere
   - My English world

3. ഗണിതപോഷണ പദ്ധതി - ഗണിത വിസ്മയം
   - ഗണിതംമധുരം
   - ഉല്ലാസ ഗണിതം
   - ഒറിഗാമി ശില്പശാല
   - ഗണിത വിജയം
   - സിമുലേഷൻ കാസ്

4. ശാസ്ത്രപോഷണ പദ്ധതി - ശാസ്ത്ര കൗതുകം

# അക്കാദമിക പദ്ധതികൾ

മേഖല - മലയാളം

അക്ഷരജ്യോതി

## ലക്ഷ്യങ്ങൾ

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം)
2. കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനാക്കൂട്ടം)
3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം)
4. ചിത്രത്തിന്റെ സഹായത്തോടെ പാഠരൂപീകരണം (സചിത്ര പുസ്തകം, സചിത്ര ഡയറി )

## പ്രവർത്തനങ്ങൾ

1. **അക്ഷരങ്ങൾ ഉറപ്പിക്കൽ**

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

വാക്കുകളിലൂടെ സ്വയം വാക്യനിർമാണം

2. **അടയാളങ്ങൾ ഉറപ്പിക്കൽ**

ചിത്രസഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.

3. **അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്**

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

4. **ചിത്രം- അടിക്കുറിപ്പ്**

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ അധ്യാപികയുടെ സഹായത്തോടെ എഴുതൽ.

5. **കഥ ബാക്കി പറയൽ - എഴുതൽ**

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്നു. ബാക്കി പറയിപ്പിക്കുന്നു. എഴുതുന്നു

6. **കഥാപുസ്തകം നൽകൽ**

വായനാ കുറിപ്പ് തയ്യാറാക്കൽ

7. **സി ഡി പ്രദർശനം**

ചിത്രങ്ങൾ അടങ്ങിയ സി.ഡി പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും

കുറിച്ച് പറയാനവസരം , എഴുതാനവസരം.

8. **പത്ര പ്രകാശനം കുട്ടികളുടെ സൃഷ്ടി)**

ഡിജിറ്റൽ സയറി – മാഗസിൻ പ്രകാശനം

9. **ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് **IED** അദ്ധ്യാപകരുടെ സേവനം.

II. 1. **ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ**

ക്ലാസിലെ മുഴുവൻ കുട്ടികളേയും 5 പേർ അടങ്ങുന്ന ഗ്രൂപ്പ് ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനകുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠ ഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

2. **സ്കൂൾ ലൈബ്രറി നവീകരണം.**

പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രറി, പുസ്തക വിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തക ശേഖരണം.

3. **. സമീപ ഗ്രന്ഥശാല അംഗത്വം**

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എൻ്റെ പുസ്തക പ്രകാശനം.

4. **വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം (പാഠഭാഗവുമായി ബന്ധപ്പെട്ട്)

5. **പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ - വായന – എഴുത്ത് – പത്രം തയ്യാറാക്കൽ (പാഠ ഭാഗവുമായി ബന്ധപ്പെട്ട്)

6. അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മ മാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം – വായനാമുറി – വായനാക്കുറിപ്പ് തയ്യാറാക്കൽ – മികച്ച കുറിപ്പ് കണ്ടെത്തൽ – പ്രോത്സാഹനം.

7. വിദ്യാരംഗം കാലാസാഹിത്യവേദി പ്രവർത്തനം

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം. വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ, സാഹിത്യകാരൻമാരെ ക്ഷണിക്കൽ.

8. ദിനാചരണങ്ങൾ

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

9. കാവ്യകൂട്ടം

കുട്ടികളുടെ കവിതകൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ കവിതകൾ, പ്രാദേശിക സാഹിത്യകാരൻമാർ, കവികൾ, സമൂഹത്തിലെ വ്യക്തികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു. (BRC യുടെ സഹായത്തോടെ)

III. 1. എഴുത്തുകൂട്ട രൂപീകരണം.

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ പെടുന്നു – ഓരോന്നും പരിചയപ്പെടൽ എന്നിവ ചർച്ച ചെയ്യുന്നു.

2. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് സർഗ്ഗശേഷി പരിപോഷിപ്പിക്കാൻ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുവർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

3. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

പഠനപ്രവർത്തനങ്ങളുമായും വായിച്ച് പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ – പതിപ്പ് – പ്രകാശനം.

4. പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, സർഗവേള സാഹിത്യസമാജം എന്നിവ സംഘടിപ്പിക്കുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. യോഗങ്ങൾ സംഘടിപ്പിക്കൽ.

5. വ്യക്തിഗത രചന, സംഘരചന

കുട്ടികളുടെ സർഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാമത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തുന്നു. പുസ്തകം തയ്യാറാക്കുന്നു.

6. ഭാഷാ പ്രോജക്ടുകൾ

ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രൊജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

7. രചയിതാക്കളെ പരിചയപ്പെടൽ

അസംബ്ലിയിൽ ഒരു ഇനമാകണം. കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ, കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്. രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ – ബഷീർ, ആഗസ്റ്റ് എസ്.കെ. പൊറ്റക്കാട്.

8. സാഹിത്യ സാംസ്കാരിക ചിത്ര ഗ്യാലറി

സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത്വചനങ്ങൾ, ജീവചരിത്ര കുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

കുട്ടികളുടെ പഠന നിലകണ്ടെത്താൻ പ്രീടെസ്റ്റ്.

എല്ലാ മാസത്തിലും യൂണിറ്റ് ടെസ്റ്റുകൾ നടത്തുക.

ആശയ രൂപീകരണത്തിനും നിരന്തരവിലയിരുത്തലിനും പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കുക.

# മേഖല- ഇംഗ്ലീഷ്

ഉപമേഖല - ഇംഗ്ലീഷ് പോഷണ പദ്ധതി My English world.

ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളെയും ഒഴുക്കോടെ എഴുതാനും വായിക്കാനും പ്രാപ്തരാക്കും (Inclusive reading and writing)

2. നാലാം ക്ലാസിലെ കുട്ടികളെ ഇംഗ്ലീഷിൽ ആശയ വിനിമയം നടത്താൻ പ്രാപ്തരാക്കും. (Spoken English)

3. ഇംഗ്ലീഷ് ഭാഷാ പഠനത്തിനനുകൂലമായ പഠനാന്തരീക്ഷം സ്കൂളുകളിൽ സൃഷ്ടിക്കും. (Creating Learning Atmosphere)

പ്രവർത്തനങ്ങൾ

1. ഇംഗ്ലീഷ് പത്രവായന,

അസംബ്ലിയിൽ പത്രവായന (ആഴ്ചയിൽ ഒരിക്കൽ)

ക്ലാസിൽ പത്രവായന

-സംഘ വായന- ഒരു കുട്ടി ഒരു ടൈറ്റിൽ, അടുത്തയാൾ അടുത്ത് ടൈറ്റിൽ

-വായനാ മൂലയിൽ പത്രം എല്ലാ കുട്ടികൾക്കും വായിക്കത്തക്കരീതിയിൽ തൂക്കിയിടണം.

2..ഇംഗ്ലീഷ് ഡയറി

ഓരോ ദിവസവും സ്കൂളിലും വീട്ടിലും നടക്കുന്ന സംഭവങ്ങൾ കുട്ടികൾ ഇംഗ്ലീഷിൽ എഴുതുക.

3. ദിനാചരണങ്ങളിൽ പോസ്റ്റർ നിർമ്മാണം.

4. വളരുന്ന അക്ഷരപുസ്തകം

ടീച്ചർ ഒരു ദിവസം ഒരു വാക്ക് അവതരിപ്പിക്കുന്നു. അത് ഇംഗ്ലീഷ് കോർണറിൽ ഒട്ടിക്കുന്നു. കുട്ടി നോട്ട്ബുക്കിൽ എഴുതുന്നു.

5. വായനാ കാർഡ്

പാഠ ഭാഗവുമായി ബന്ധപ്പെട്ട വായനാ കാർഡ് തയ്യാറാക്കുന്നു

6. ഭാഷാകേളി

ടീച്ചർ ഒരു ചെറിയ വാക്യം എഴുതുന്നു. അതിൽ നിന്ന് ഉണ്ടാക്കാൻ പറ്റുന്ന പരമാവധി വാക്കുകൾ കണ്ടെത്തുന്നു.

7. പദപ്രശ്നം

8. Spell bee programme. ഇംഗ്ലീഷ് words spelling അറിയാൻ

II. 1. **ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആചരിക്കുന്നു.**

2. ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ട്ടിക്കുക.

3. അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക.

4. അധ്യാപകർ ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ നൽകുക.

5. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് എടുക്കുന്നതിന് പ്രഗത്ഭരായ വ്യക്തികളെ കൊണ്ടുവരിക.

III. 1. പേരു നൽകൽ.

ചിത്രങ്ങൾ ഒട്ടിച്ച് അവയുടെ പേരുകൾ ഇംഗ്ലീഷിൽ എഴുതുക.

സ്കൂളിലെ പ്രത്യേക സ്ഥലങ്ങളുടെ പേരുകൾ അതാതു സ്ഥലങ്ങളിൽ എഴുതി ഒട്ടിക്കുക. (ഉദ: Toilet, Kitchen )

സ്കൂളിനു ചുറ്റുമുള്ള സസ്യങ്ങളുടെ പേരുകൾ ഇംഗ്ലീഷിലും മലയാളത്തിലും എഴുതി ഒട്ടിക്കുക.

ക്ലാസ്സുകളിൽ Maximum English words കാണാൻ അവസരം ഒരുക്കൽ

ഡോക്യുമെന്ററി, ഷോർട്ട് ഫിലിം എന്നിവ കേൾപ്പിക്കാനുള്ള സൗകര്യം സൃഷ്ടിക്കുക.

ടെക്സ്റ്റ് ബുക്കിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി അവതരിപ്പിക്കൽ.

(Eg:-Skit, Conversation, Drama...)

ക്ലാസ് റൂമിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവ കുട്ടികൾക്ക് കാണത്തക്ക വിധത്തിൽ പ്രദർശിപ്പിക്കുക

## ധനകാര്യ വിശകലനം

| ഇനം | തുക | സ്രോതസ്സ് |
| --- | --- | --- |
| പത്രം | 10000 | സ്പോൺസർ |
| വായനാ കാർഡ് | 1000 | പഞ്ചായത്ത് എസ്.എസ്.എ |
| ബാലമാസിക | 2000 | പഞ്ചായത്ത്, എസ്.എസ്.എ |
| ഇംഗ്ലീഷ് ട്രെയിനിംഗ് | 3000 | |
| ഇംഗ്ലീഷ് ക്യാമ്പ് | 50000 | |

## മേഖല – ഗണിതം

ഗണിത വിസ്മയം (ഗണിത പോഷണ പദ്ധതി)

ലക്ഷ്യങ്ങൾ

1. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ – ഗണിതം മധുരം
2. രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും ഒറിഗാമിശില്പശാല

### പ്രവർത്തനങ്ങൾ

1. വിദ്യാലയത്തിലെ ഓരോ ക്ലാസ് മുറികളിലും ഗണിതലാബ് സജ്ജമാക്കൽ.

   ഗണിത വർക്ക് ഷീറ്റ് ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യൽ.

   അവിടെ വെച്ച് ഗണിത കിറ്റുകൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യൽ.

2. ഒറിഗാമിശില്പശാല

- ജാപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ.
- വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.
- രൂപങ്ങളുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ
- പ്രദർശനം സംഘടിപ്പിക്കൽ.
- കുട്ടികളുടെ പഠനനില കണ്ടെത്തൽ Pretest
- എല്ലാ മാസത്തിലും യുണിറ്റ് ടെസ്റ്റുകൾ നടത്തുക.
- ആശയ രൂപീകരണത്തിനും നിരന്തര വിലയിരുത്തലിനും പ്രത്യേക വർക്ക് ഷീറ്റുകൾ തയ്യാറാക്കുക.

### ധനകാര്യ വിശകലനം

| ഇനം | തുക | സ്രോതസ്സ് |
|---|---|---|
| പരിശീലനം | 1000 | ഒ.എസ്.എ |
| ഗണിത കിറ്റ് | 1000 | ഒ.എസ്.എ |

## മേഖല - ശാസ്ത്രം

ശാസ്ത്ര കൗതുകം (ശാസ്ത്ര പോഷണ പദ്ധതി)

### ലക്ഷ്യം

ഒന്നു മുതൽ നാല് ക്ലാസുവരെ ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്ര മൂല ഉറപ്പാക്കൽ.

### പ്രവർത്തനം

കുട്ടികളുടെ പഠന നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ്

- ഒന്നു മുതൽ നാലുവരെ പഠനത്തിനു സഹായകരമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ
- എല്ലാ മാസത്തിലും യൂണിറ്റ് ടെസ്റ്റുകൾ നടത്തുക.
- തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരം തിരിക്കൽ. ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ.
- സാധന സാമഗ്രികൾ വാങ്ങൽ
- ആശയ രൂപീകരണത്തിനും നിരന്തര വിലയിരുത്തലിനും പ്രത്യേക വർക്ക്ഷീറ്റുകൾ തയ്യാറാക്കുക.
- പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല.
- ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ള വാങ്ങൽ.
- കുട്ടികളുടെ മികവുകൾ, ഫോട്ടോകൾ, സ്കൂൾ ബ്ലോഗ്, വാട്ട്സ്അപ്പ് ഗ്രൂപ്പ് എന്നിവ പ്രചരിപ്പിക്കൽ.
- ഫീൽഡ്ട്രിപ്പ്, ജൈവവൈവിധ്യ പാർക്ക് സന്ദർശനം.

ധനകാര്യ വിശകലനം

| ഇനം | തുക | സ്രോതസ്സ് |
|---|---|---|
| സാമഗ്രികൾ | 3000/- | സ്പോൺസർ |
| ശില്പശാല | 3000/- | ,, |
| ശാസ്ത്ര മൂല | 8000/- | പഞ്ചായത്ത് |
| ലാബ് | 2000/- | പി.ടി.എ |
| ശാസ്ത്ര പുസ്തകങ്ങൾ | 3000/- | ,, |

മോണിറ്ററിംഗ്

എസ്.ഡി.എസ്. ചെയർമാൻ, അധ്യക്ഷൻ

കൺവീനർ - H.M

അംഗങ്ങൾ

പി.ടി.എ. പ്രസിഡന്റ്

എം.ടി.എ. പ്രസിഡന്റ്

എസ്.ആർ.ജി കൺവീനർ

സ്കൂൾ ഐ.ടി.ഐ. കോ-ഓർഡിനേറ്റർ

ഇവരുടെ സാന്നിധ്യത്തിൽ മാസത്തിൽ ഒരിക്കൽ മോണിറ്ററിംഗ് നടത്താൻ തീരുമാനിച്ചു.